## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം: ആവഡ- ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ്മാരുടെ 01/01/2000 മുതൽ 31/12/2015 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന: 1. ഈ ആഫീസിലെ 21/10/2003 ലെ ഇ.എസ് 2/121202/01/ആവഡ എന്ന നമ്പർ ഉത്തരവ്.
2.സർക്കാരിന്റെ 28/02/2011 ലെ സ.ഉ(എം.എസ്)145/2011/ആ കു വ എന്ന നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ – ഇ.എസ് 2/92000/2015/ആവഡ, തീയതി.31/12/2015**

സൂചന 1 പ്രകാരം ആരോഗ്യ വകുപ്പിലെ ഒപ്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഒർത്തോപ്പിസ്റ്റ് എന്നീ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് 31/12/1999 വരെയുള്ള കാലയളവിലെ അന്തിമ സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം തസ്തികയുടെ പേര് ഒപ്റ്റോമെട്രിസ്റ്റ് എന്ന് പുനർനാമകരണം ചെയ്തു. അതിന് ശേഷം സീനിയോരിറ്റിപട്ടിക തയ്യാറാക്കിയിട്ടില്ല. അതിനാൽ ആരോഗ്യ വകുപ്പിൽ 01/01/2000 മുതൽ 31/12/2015 വരെയുള്ള കാലയളവിൽ ജോലിയിൽ പ്രവേശിച്ച രണ്ടാം ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലുള്ളവരുടെ പ്രാഥമിക സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരിൽ പി.എസ്.സി മുഖാന്തിരം നിയമനം ലഭിച്ചവർക്ക് അവയുടെ ശുപാർശ തീയതി മുതലും ജോലിയിൽ പ്രവേശിക്കേണ്ട തീയതി ദീർഘിപ്പിച്ചു കിട്ടിയവർക്ക് അവയുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോരിറ്റി കണക്കാക്കിയിരിക്കുന്നത്.

പ്രസ്തുത സീനിയോരിറ്റിപട്ടികയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
ഡോ.ശ്രീലത.എസ്
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ)

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.എഫ് സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്